"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനംവന്യജീവി വകുപ്പ്- സെക്ഷൻ ഫോറസ്റ്റ് ഓഫീസറായി സേവനമനുഷ്ഠിച്ചുവരവേ അന്തരിച്ച ശ്രീ. ബാലചന്ദ്രൻ പുത്തൂരിന്റെ ഭാര്യ ശ്രീമതി ഷൈനി. കെയ്ക്ക് വനം വകുപ്പിൽ ക്ലാർക്കായി ആശ്രിത നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനംവന്യജീവിവ(എഫ്)വകുപ്പ്

G.O.(Ms)No.4/2020/F&WLD തീയതി,തിരുവനന്തപുരം, 28/02/2020

---

പരാമർശം:-

1 സ.ഉ.(പി) നം.12/99/പി&എ.ആർ.ഡി തീയതി 24/05/1999.

2 സ.ഉ.(കൈ) നം.5/2018/പി&എ.ആർ.ഡി തീയതി 21/02/2018.

3 ശ്രീമതി.ഷൈനി.കെ, പുത്തൂർവീട്, കൽപ്പത്തൂർ.പി.ഒ,മേപ്പയൂർ,കോഴിക്കോട് 14.06.2019 ൽ സമർപ്പിച്ച അപേക്ഷയും, അനുബന്ധരേഖകളും.

4 ഭരണവിഭാഗം ഉപമുഖ്യവനപാലകന്റെ 05.10.2019ലെ ഇ6-4889/19 നം. കത്തും, അനുബന്ധരേഖകളും.

5 കോഴിക്കോട് ജില്ലാ കളക്ടറുടെ 02.02.2020 ലെ DCKKD/10257/2019-S4 നം. കത്തും, അനുബന്ധ രേഖകളും.

**<u>ഉത്തരവ്</u>**

വനം വകുപ്പിൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസറായി സേവനമനുഷ്ഠിച്ചുവരവേ 31.01.2019 ൽ അന്തരിച്ച ശ്രീ.ബാലചന്ദ്രൻ പുത്തൂരിന്റെ ഭാര്യ ശ്രീമതി ഷൈനി. കെ യ്ക്ക് സർവ്വീസിലിരിക്കെ മരണമടയുന്ന സർക്കാർ ജീവനക്കാരുടെ ആശ്രിതർക്ക് ജോലി നൽകുന്ന സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിനായുള്ള അപേക്ഷ പരാമർശം (3) പ്രകാരം സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ പരാമർശം (4) പ്രകാരം ഭരണവിഭാഗം ഉപമുഖ്യവനപാലകൻ ശുപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത അപേക്ഷയിന്മേൽ അന്വേഷണം നടത്തി ആവശ്യമായ രേഖകൾ സഹിതം പരാമർശം (5) പ്രകാരം കോഴിക്കോട് ജില്ലാ കളക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പരേതന്റെ മറ്റ് അനന്തരവകാശികൾ അപേക്ഷകയ്ക്ക് ജോലി നൽകുന്നതിന് സമ്മതപത്രവും നൽകിയിട്ടുണ്ട്. ബിരുദധാരിണിയായ അപേക്ഷകയ്ക്ക് 41 വയസ്സ് പൂർത്തിയായിട്ടുണ്ട്. ജനനത്തീയതി 05.01.1979 ആണ്. ടിയാന്റെ കുടുംബ വാർഷിക വരുമാനം 31,500/-രൂപയാണെന്ന് നൊച്ചാട് വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

2. മേൽ സാഹചര്യത്തിൽ, വനം വകുപ്പിൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസറായി സേവനമനുഷ്ഠിച്ചുവരവേ 31.01.2019 ൽ അന്തരിച്ച ശ്രീ.ബാലചന്ദ്രൻ പുത്തൂരിന്റെ ഭാര്യ ശ്രീമതി ഷൈനി. കെ യ്ക്ക് വനം വകുപ്പിൽ 19,000-43,600 രൂപ ശമ്പള സ്കെയിലിൽ ക്ലാർക്ക്

തസ്തികയിൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം കോഴിക്കോട് ജില്ലയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. കോഴിക്കോട് ജില്ലയിൽ നിലവിൽ ഒഴിവില്ലാത്ത പക്ഷം ഒഴിവുള്ള ജില്ലയിൽ ടിയാളെ നിയമിക്കാവുന്നതും കോഴിക്കോട് ജില്ലയിൽ ഒഴിവു വരുന്ന മുറയ്ക്ക് സീനിയോറിറ്റി നഷ്ടപ്പെടാതെ കോഴിക്കോട് ജില്ലയിലേയ്ക്ക് സ്ഥലംമാറ്റം നൽകേണ്ടതുമാണ്.

3 . അപേക്ഷകയുടെ വയസ്സ്, വിദ്യാഭ്യാസ യോഗ്യത, വാർഷിക വരുമാനം തുടങ്ങിയവ പരിശോധിച്ച് പരാമർശം (1) ലെ സർക്കാർ ഉത്തരവിന് വിധേയമായി ടിയാൾക്ക് നിയമനം നൽകികൊണ്ടുള്ള ഔപചാരികമായ ഉത്തരവ് ഭരണവിഭാഗം ഉപമുഖ്യവനപാലകൻ പുറപ്പെടുവിക്കുന്നതാണ്.

4. ഈ നിയമനം സംബന്ധിച്ച വിവരങ്ങൾ പരേതന്റെ സേവന പുസ്തകത്തിലും ബന്ധപ്പെട്ട എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും രേഖപ്പെടുത്തേണ്ടതാണ്. ഉത്തരവ് പുറപ്പെടുവിച്ച ശേഷം തെറ്റായ വസ്തുതകൾ ആധാരമാക്കിയാണ് ഉത്തരവ് പുറപ്പെടുവിച്ചത് എന്ന് പരിശോധനയിൽ തെളിഞ്ഞാൽ ഈ നിയമനം നിരുപാധികം റദ്ദാക്കാനുള്ള അധികാരം സർക്കാരിനുണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K.SURESHKUMAR
JOINT SECRETARY

മുഖ്യവനപാലകൻ & വനസേനാ മേധാവി,തിരുവനന്തപുരം..

ഭരണ വിഭാഗം ഉപമുഖ്യ വനപാലകൻ, തിരുവനന്തപുരം.

ശ്രീമതി.ഷൈനി.കെ,പുത്തൂർവീട്,കൽപ്പത്തൂർ.പി.ഒ,മേപ്പയൂർ,കോഴിക്കോട്.പിൻ.673524.(രജിസ്റ്റേഡ് തപാൽ മടക്ക രസീത് സഹിതം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.&ഇ) കേരള, തിരുവനന്തപുരം.

വെബ്&ന്യൂ മീഡിയ.

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SAJEEVAN M K
Date: 2020.02.29 09:2_ IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്-വനംവന്യജീവി(പാർലമെന്റ്)വകുപ്പ്.